കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറ്റൂർ-തത്തമംഗലം നഗരസഭ – മിനി ജെ.സി.ബി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.508/13/തസ്വഭവ തിരുവനന്തപുരം, തീയതി: 28.02.2013.

പരാമർശം: 1. ചിറ്റൂർ തത്തമംഗലം നഗരസഭാ സെക്രട്ടറിയുടെ 20.12.2012-ലെ ഇ1-13468/12 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 11.02.2013-ലെ ഡി.സി.3-20285/12 നമ്പർ കത്ത്.

ഉത്തരവ്

ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2012-13 വർഷത്തെ പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റായ 9,00,000/- (ഒൻപത് ലക്ഷം) രൂപയും ക്ലീൻ കേരള മിഷൻ അനുവദിച്ച വകയിൽ നീക്കിയിരിപ്പുള്ള 8,50,000/- (എട്ട് ലക്ഷത്തി അൻപതിനായിരം) രൂപയും ഉൾപ്പെടെ 17,50,000/-(പതിനേഴ് ലക്ഷത്തി അൻപതിനായിരം) രൂപ ഉപയോഗപ്പെടുത്തി ഒരു മിനി ജെ.സി.ബി വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരം ചിറ്റൂർ-തത്തമംഗലം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ 2012-2013 വാർഷിക പദ്ധതിയിലുൾപ്പെടുത്തി 17,50,000/- (പതിനേഴ് ലക്ഷത്തി അൻപതിനായിരം) രൂപ ചെലവഴിച്ച് ഒരു മിനി ജെ.സി.ബി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചിറ്റൂർ-തത്തമംഗലം നഗരസഭ, പാലക്കാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ